# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **213**

**08-02-2016** ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. എ.റ്റി.ജോർജ്ജ് :<br>ശ്രീ. ആർ.സെൽവരാജ് :<br>ശ്രീ. എം.എ.വാഹീദ് : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായുള്ള ടെൻഡർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. തികച്ചും സുതാര്യമായ രണ്ടു ഘട്ട ആഗോള ടെൻഡറുകൾക്ക് ഒടുവിൽ തെരഞ്ഞെടുത്ത കൺസഷനയറായ അദാനി പോർട്ട്സ് & സ്പെഷ്യൽ എക്കണോമിക് സോൺ, പദ്ധതിയ്ക്കായി രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യ കമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി സർക്കാർ 2015 ആഗസ്റ്റ് 17-ാം തീയതി കൺസഷൻ കരാർ ഒപ്പു വച്ചു. 2015 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു. ഒന്നാം ഘട്ടം പൂർത്തിയാക്കാൻ കരാർ പ്രകാരം കണക്കാക്കിയിട്ടുള്ള സമയം നാലു വർഷമാണ് (2019 ഡിസംബർ 4). കരാർ പ്രകാരം നാലു വർഷത്തെ സമയം ഉണ്ടെന്നിരിക്കെ സംസ്ഥാന സർക്കാരും കരാറുകാരനും ആയിരം ദിന കർമ്മ പരിപാടി പദ്ധതിയുടെ പൂർത്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് പ്രകാരം 2018 ആഗസ്റ്റ് 31 ന് പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

## VGF

2014 ഏപ്രിൽ മാസത്തിൽ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (V. G. F) ലഭ്യമാക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ധനമന്ത്രാലയത്തിന് സമർപ്പിക്കുകയും 2015 ഫെബ്രുവരി 3 -ാം തീയതി അംഗീകാരം ലഭിക്കുകയും ചെയ്തു. അത് പ്രകാരം പി.പി.പി. ഘടകമായ 4089 കോടി രൂപയുടെ 20 ശതമാനമായ 817.8 കോടി രൂപയുടെ സഹായധനം ലഭിക്കും.

### പാരിസ്ഥിതികാനുമതി

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പാരിസ്ഥിതിക പഠനം നടത്തുന്നതിനായുള്ള "Terms of Reference" നു 2011 ജൂലൈ മാസം അംഗീകാരം ലഭിച്ചതിനെ തുടർന്ന് രണ്ടു വർഷം നീണ്ടു നിന്ന പാരിസ്ഥിക പഠനം, പബ്ലിക് ഹിയറിംഗ് എന്നിവയ്ക്കു ഒടുവിൽ 2014 ജനുവരി 3-ാം തീയതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതി ലഭിച്ചു.

### അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ

#### സ്ഥലമേറ്റെടുപ്പും പുനരധിവാസവും

റെയിൽവേ ഒഴികെ പദ്ധതിയ്ക്ക് ആവശ്യമുള്ള ഭൂമിയുടെ 90 ശതമാനം ഏറ്റെടുത്തു കഴിഞ്ഞു. ഇതിൻ പ്രകാരം പദ്ധതിയ്ക്കായി ഇതുവരെ ആകെ 212.04.278 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. തുറമുഖ പരിധിയിലും കോട്ടുകാലിലുമായി വീട് നഷ്ടപ്പെട്ട 69 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു കഴിഞ്ഞു. റെയിൽവേ ഒഴികെ പദ്ധതിയ്ക്ക് ആവശ്യമായ ബാക്കി ഭൂമി കൂടി ഏറ്റെടുക്കുന്നതിനുള്ള

നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ബാഹ്യ അടിസ്ഥാന സൗകര്യ വികസനം**

- **വൈദ്യുതി** :- നിർമ്മാണഘട്ടത്തിലേയ്ക്കാവശ്യമായ വൈദ്യുതി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി കഴിഞ്ഞു. നടത്തിപ്പു കാലഘട്ടത്തിൽ ആവശ്യമുള്ള വൈദ്യുതിക്കായുള്ള പ്രസരണ സംവിധാനങ്ങളുടെ നിർമ്മാണം KSEB യുടെ സഹായത്തോടെ പൂർത്തിയാക്കി വരുന്നു.
- **വെള്ളം** :- പദ്ധതി പ്രദേശത്തേയ്ക്ക് 3.3 MLD ജലം എത്തിക്കുന്നതിനുള്ള പണി 2013 ഏപ്രിലിൽ പൂർത്തീകരിച്ചു. ഇതിൽ 1.5 MLD ശുദ്ധജലം പ്രദേശവാസികൾക്ക് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ സാമൂഹിക പ്രതിബദ്ധതാ പരിപാടിയുടെ ഭാഗമായി വിതരണം ചെയ്തു വരുന്നു.
- **റെയിൽ** :- നേമത്തു നിന്നും ആരംഭിച്ച് വിഴിഞ്ഞത്തെത്തുന്ന തരത്തിലുള്ള റെയിൽ പാതയുടെ വിശദമായ കരട് പ്രോജക്ട് റിപ്പോർട്ട് ആർ.വി.എൻ.എൽ. തയ്യാറാക്കി കഴിഞ്ഞു. ഇതിന് റെയിൽവെയുടെ അംഗീകാരം ലഭിച്ച ശേഷം ഭൂമി ഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കേണ്ടതെന്ന് വിശദമാക്കുമോ ; | (ബി) കേന്ദ്ര സർക്കാരിന്റെ Viability Gap Funding (VGF) സ്കീമിൽ ഉൾപ്പെടുത്തി വിഴിഞ്ഞം പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചു കഴിഞ്ഞു. അത് പ്രകാരം പി.പി.പി. ഘടകമായ 4089 കോടി രൂപയുടെ 20 ശതമാനമായ 817.8 കോടി രൂപയുടെ സഹായധനം ലഭിക്കും. കൺസഷനയർ സ്വന്തം |

ഓഹരി (Equity) പദ്ധതിയിൽ പൂർണ്ണമായി നിക്ഷേപിച്ച ശേഷം മാത്രമേ മേൽപ്പറഞ്ഞ സഹായധനം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുകയുള്ളൂ.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ? | (സി) വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായുള്ള ടെൻഡർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. തികച്ചും സുതാര്യമായ രണ്ട് ഘട്ട ആഗോള ടെൻഡറുകൾക്ക് ഒടുവിലാണ് അദാനി പോർട്ട്സ് & സ്പെഷ്യൽ ഇക്കണോമിക് സോണിനെ (Special Economic Zone) തെരഞ്ഞെടുത്തത്. തുടർന്ന് അദാനി പോർട്സ് പദ്ധതിയ്ക്കായി രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യ കമ്പനിയായ 'അദാനി വിഴിഞ്ഞം പോർട്സ് പ്രൈവറ്റ് ലിമിറ്റഡുമായി 2015 ആഗസ്റ്റ് 17-ാം തീയതി സർക്കാർ കൺസഷൻ കരാർ ഒപ്പു വച്ചു. 2015 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു. |

സെക്ഷൻ ഓഫീസർ